പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1165 29/9/2011 ൽ മറുപടിയ്ക്ക്

## പ്രൊഫഷണൽ കോഴ്സുകൾക്കുള്ള സ്റ്റൈപ്പന്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

(എ) പ്രൊഫഷണൽ കോഴ്സുകൾക്ക് മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ കിട്ടുന്ന പട്ടികജാതി–പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫീസ്, സ്റ്റൈപ്പന്റ്, ലംസംഗ്രാന്റ് ഇവ ലഭ്യമാക്കുന്നുണ്ടോ ;

(എ) ഉണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ നിയന്ത്രിത/അംഗീകൃത/ എയ്ഡഡ് സ്ഥാപനങ്ങളിലെ എയ്ഡഡ് കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് മെറിറ്റ്/ റിസർവ്വേഷൻ/മാനേജ്മെന്റ് ക്വാട്ട മാനദണ്ഡങ്ങൾ പരിഗണിക്കാതെ 27/6/2011ലെ സ.ഉ. സാധാ നം. 587/11 പജപവവിവ പ്രകാരം വിദ്യാഭ്യാസ ആനുകൂല്യം അനുവദിയ്ക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് 2010–2011, 2011–2012 അദ്ധ്യയന വർഷങ്ങളിൽ മെഡിക്കൽ, എഞ്ചിനീയറിംഗ്, മറ്റ് പ്രൊഫഷണൽ കോഴ്സുകൾ എന്നിവയ്ക്ക് അഡ്മിഷൻ ലഭിച്ച പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ എത്രയാണ് ; ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) 2010-11, 2011-12 വർഷങ്ങളിൽ വിവിധ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ച് ആനുകൂല്യം അനുവദിയ്ക്കപ്പെട്ട പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം കോഴ്സ്, ജില്ല എന്നിവ തിരിച്ച് അനുബന്ധം ഒന്നിൽ ചേർക്കുന്നു. 2010-2011 വർഷങ്ങളിൽ ആനുകൂല്യം ലഭിച്ച പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ

| | |
|---|---|
| | എണ്ണം അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു. 2011-12-ലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം പൂർത്തീകരിച്ചിട്ടില്ല. |
| (സി) സ്കൂൾ, കോളേജ്, പ്രൊഫഷണൽ കോഴ്സുകൾ എന്നീ തലങ്ങളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റ് , ലംസംഗ്രാന്റ് എന്നിവ എത്രവീതമാണെന്ന് ഉത്തരവ് സഹിതം വ്യക്തമാക്കാമോ ? | (സി) 1/2/2008-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം. 20/08/പജപവവിവ പ്രകാരം വർദ്ധിപ്പിച്ച നിരക്കിൽ പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ അനുവദിച്ചിട്ടുണ്ട്. 1/2/2008- ലെ ഉത്തരവിന്റെ പകർപ്പ് അനുബന്ധം 3-ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

(അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്)